ആർ.ബി.ഐ/2005-06/241

ആർ പി സി ഡി. പി എൽ എൻ എഫ് എസ് ബി സി നമ്പർ 56/06.02.31/2005-06.

27, ഡിസംബർ, 2005

എല്ലാ ഷെഡ്യൂൾസ് വാണിജ്യ ബാങ്കുകളുടേയും
ചെയർമാൻ/മാനേജിംഗ് ഡയറക്ടർ എന്നിവർക്ക്
(RRB, LAB എന്നിവയടക്കം)

സർ

ചെറുകിട വായ്പാ അക്കൗണ്ടുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും പുതിയ ലോണുകൾ എടുക്കുന്നതിനുള്ള അർഹതയും.

ചെറുകിട വായ്പകൾ എടുത്തിട്ടുള്ള ഉപഭോക്താക്കൾക്ക് ബാങ്കുകളിലുള്ള അവരുടെ എൻ.പി.എ അക്കൗണ്ടുകൾ തീർത്തടച്ച് പുതിയ ലോണുകൾക്കുള്ള അർഹത നേടുന്നതിന്, എല്ലാ ഷെഡ്യൂൾസ് വാണിജ്യ ബാങ്കുകളും (പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ലോക്കൽ ഏരിയാ ബാങ്കുകൾ എന്നിവ ഉൾപ്പെടെ) ലളിതമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുകയാണ്. ഇതനുസരിച്ച് 2005 സെപ്തംബർ 30ന് സംശയകരമായ അവസ്ഥയിലെന്നോ നഷ്ടം വരുത്തുന്നതെന്നോ കണക്കാക്കപ്പെട്ടിട്ടുള്ള അക്കൗണ്ടുകളുടെ കാര്യത്തിൽ, മൊത്തം ലോൺ തുക 25000 രൂപയോ അതിൽ കുറവോ ആണെങ്കിൽ, ആയത്, ഒറ്റത്തവണയായി അടച്ച് കണക്കുതീർക്കുന്നതിന് സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

2. ഗവൺമെന്റ് സ്പോൺസർ ചെയ്തിട്ടുള്ള പദ്ധതികളുടെ ഭാഗമായി നൽകിയിട്ടുള്ള വായ്പകളുടെ കാര്യത്തിൽ SLBC ആവിഷ്ക്കരിക്കാനിരിക്കുന്ന, സ്റ്റേറ്റിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ടുള്ള സമീപനത്തെ അടിസ്ഥാനമാക്കി, ബാങ്കുകൾക്ക് പ്രത്യേകം മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കാവുന്നതാണ്.
3. വ്യാജപ്രവർത്തനങ്ങളോ കൃത്രിമങ്ങളോ ആരോപിക്കപ്പെട്ടിട്ടുള്ള കേസുകളുടെ കാര്യത്തിൽ ഈ സംവിധാനം ബാധകമായിരിക്കുന്നതല്ല.
4. ഈ സംവിധാനമനുസരിച്ച് അക്കൗണ്ട് അടച്ച് തീർത്തവർക്ക് പുതിയ ലോണുകൾക്ക് പൂർണമായും അർഹതയുണ്ടായിരിക്കും.
5. മേൽപറഞ്ഞ പദ്ധതി നടപ്പാക്കുന്നതിന് അനുയോജ്യമായ സംവിധാനം ബാങ്കുകൾ ഏർപ്പെടുത്തേണ്ടതാണ്.
6. കത്ത് കിട്ടിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

(ജി. ശ്രീനിവാസൻ)

ചീഫ് ജനറൽ മാനേജർ